നം:സി(2)/12324/2021/ഡി.ഡി.ഇ/എൽ.ഡി.സ്

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം.
പത്മവിലാസം റോഡ്,
ഫോർട്ട്, തിരുവനന്തപുരം-695023
തീയതി: 28/07/2021
ഫോൺ: 0471 2472302
dde.tvm.dge@kerala.gov.in.

വിദ്യാഭ്യാസ ഉപഡയറക്ടർ,
തിരുവനന്തപുരം.

ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ.
തിരുവനന്തപുരം.

സർ,

വിഷയം:-പൊതുവിദ്യാഭ്യാസം - കേരളത്തിലെ സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റുകൾ - പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ - സർക്കുലർ - - സംബന്ധിച്ച്.-

സൂചന:-1) 27/11/2020-ലെ എസ്1/204/2017/പൊ.വി.വ സർക്കുലർ.
2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14/07/2021-ലെ എൻ1/8683/2019/ഡി.ഡി.ഇ നമ്പർ കത്ത്.

*******************

സൂചന പ്രകാരം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ, വ്യക്തികൾ, കുടുംബങ്ങൾ/സംഘാടനകൾ/ കൂട്ടായ്മകൾ തുടങ്ങിയവർ ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ചുവടെ പരാമർശിച്ചിട്ടുള്ള പ്രകാരം നടപടികൾ സ്വീകരിക്കുവാൻ പ്രഥമാദ്ധ്യാപകർക്ക് താങ്കൾ നിർദ്ദേശം നൽകേണ്ടതാണ്.

1) നിലവിലുള്ള എല്ലാ എൻഡോവ്മെന്റുകളുടെയും കോർപ്പസ് തുക 10,000/- ആയി വർദ്ധിപ്പിക്കേണ്ടതും 10,000/- രൂപയിൽ കുറവായ എൻഡോവ്മെന്റുകൾ പിൻവലിക്കേണ്ടതുമാണ്.
2) എൻഡോവ്മെന്റുകളുടെ അഡ്മിനിസ്ട്രേർമാരായി പ്രഥമാദ്ധ്യാപകരെ ചുമതലപ്പെടുത്തുന്നു.
3) എൻഡോവ്മെന്റ് തുക (കോർപ്പസ്) പ്രഥമാദ്ധ്യാപകൻ ട്രഷറിയിൽ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വിദ്യാഭ്യാസ ഉപഡയറക്ടർ.
സന്തോഷ്കുമാർ.എസ്.
(പെൻ. 447511.)

**ഉള്ളടക്കം**

സൂചന (1) സർക്കുലറിന്റെ പകർപ്പ്

എം.എം

12824
16/7/21

File No.GEDN-S1/204/2017-G.EDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.എസ്1/204/2017/പൊവിവ

പൊതുവിദ്യാഭ്യാസ(എസ്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27/11/2020

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - കേരളത്തിലെ സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റുകൾ - പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു.

സൂചന:- 16.03.2020 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ(1)/8683/2020/ഡി ജി ഇ നം കത്ത്.

************

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ, വ്യക്തികൾ, കുടുംബങ്ങൾ/സംഘടനകൾ കൂട്ടായ്മകൾ തുടങ്ങിയവർ ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച ധാരാളം പരാതികൾ ലഭിക്കുന്നുണ്ടെന്നും എൻഡോവ്മെന്റുകൾ ഏർപ്പെടുത്തുന്ന "ഏജൻസികൾ" നിർദ്ദേശിക്കുന്ന വിധത്തിൽ ഗുണഭോക്താക്കളായ /അർഹരായ കുട്ടികളെ കണ്ടെത്തുന്നതിനും, പ്രത്യേക ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ സാധിക്കാത്ത വിധത്തിൽ കാലഹരണപ്പെട്ട "നിർദ്ദേശങ്ങൾ" ഉള്ളതുമാണ്, എൻഡോവ്മെന്റുകൾ വിതരണം നടത്തുന്നതിനുള്ള പ്രധാന പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നതിനാൽ എൻഡോവ്മെന്റുകൾ സംബന്ധിച്ചും കോർപ്പസ് തുക സംബന്ധിച്ചും വ്യക്തമായ പരിഷ്കരിച്ച പ്രസ്താവം പൊതുവിദ്യാഭ്യാസ ഡയറക്ടർ സൂചന കത്ത് പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ള പല എൻഡോവ്മെന്റുകളിൽ നിന്നും ലഭിക്കുന്ന തുകകൾ വളരെ തുച്ഛമായതും ഇപ്പോഴത്തെ സാഹചര്യത്തിൽ വ്യവസ്ഥ പ്രകാരമുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാൻ സാധിക്കാത്തതും ആയതിനാൽ എൻഡോവ്മെന്റ് തുക ലഭിക്കാൻ അർഹരായ ഗുണഭോക്താവിന്/കുട്ടിക്ക് പ്രോത്സാഹനവും, പ്രചോദനം ലഭിക്കുന്ന വിധത്തിൽ "എൻഡോവ്മെന്റ് തുക" ഉറപ്പു വരുത്തുന്നത് സംബന്ധിച്ച് താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ടവരെ നിർദ്ദേശിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.നിലവിലുള്ള എല്ലാ എൻഡോവ്മെന്റുകളുടെയും മിനിമം കോർപ്പസ് തുക 10,000/- ആയി വർദ്ധിപ്പിക്കുന്നതിനും 10,000/- രൂപയിൽ കുറവായ എൻഡോവ്മെന്റുകൾ പിൻവലിക്കാനും നിർദ്ദേശം നല്കുന്നതാണ്.
2.എൻഡോവ്മെന്റ് നൽകുന്നതിനുള്ള / വിതരണത്തിനായുള്ള മാനദണ്ഡങ്ങൾ / വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
3.എൻഡോവ്മെന്റുകളുടെ അഡ്.മിനിസ്ട്രേറ്റർമാരായി പ്രഥമാദ്ധ്യാപകരെ ചുമതല ഏൽപ്പിക്കുക.
4.എൻഡോവ്മെന്റ് തുക (കോർപ്പസ് തുക) ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുക.

A SHAJAHAN
SECRETARY

പകർപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനും തുടർ നടപടിയ്ക്കുമായി )